പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.T 4227 25.06.2018-ൽ മറുപടിക്ക്

## സ്വകാര്യ ആശുപത്രികളിലെ നഴ്സുമാരുടെ ശമ്പളം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.ഡി.കെ. മുരളി : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിലെ നഴ്സുമാരുടെ പുതുക്കിയ ശമ്പള നിരക്ക് നടപ്പിലാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിൽ നഴ്സുമാരുടെ പുതുക്കിയ ശമ്പള നിരക്ക് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തിരുവനന്തപുരം ജില്ലയിൽ 5 സ്വകാര്യ ആശുപത്രികളിലും ആലപ്പുഴ ജില്ലയിൽ 3 സ്വകാര്യ ആശുപത്രികളിലും മലപ്പുറം ജില്ലയിലും പുതുക്കിയ ശമ്പളനിരക്ക് നടപ്പിലാക്കിയിട്ടുണ്ട്. കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ 2018 ജൂൺ മുതൽ പുതുക്കിയ ശമ്പള നിരക്ക് നടപ്പിലാക്കിയിട്ടുണ്ട്. മറ്റ് ജില്ലകളിൽ ആയതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) ഏതെങ്കിലും സ്വകാര്യാശുപത്രികൾ പ്രസ്തുത പരിഷ്കരണം നടപ്പാക്കുന്നതിൽ വിമുഖത കാണിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സ്വകാര്യാശുപത്രികളുടെ വിശദവിവരങ്ങൾ നൽകാമോ? | (ബി) ഉണ്ട്. തിരുവനന്തപുരം ജില്ലയിൽ മെഡിട്രീന, വാസൻ ഐ.കെയർ, ശ്രീരാമകൃഷ്ണമിഷൻ ചാരിറ്റി ഹോസ്പിറ്റൽ, അമർ ആശുപത്രി എന്നിവ സാമ്പത്തിക പ്രതിസന്ധി കാരണം പുതുക്കിയ ശമ്പളനിരക്ക് നടപ്പിലാക്കിയിട്ടില്ല. കൊല്ലം ഉപാസന ആശുപത്രിയിൽ മിനിമം വേതനം നടപ്പിലാക്കുന്നില്ലായെന്ന് ഉന്നയിച്ച് രേഖാമൂലം പരാതി ലഭിച്ചിട്ടുണ്ട്. കോട്ടയം ജില്ലയിൽ ശാന്തിനികേതൻ ഹോസ്പിറ്റൽ- പൊൻകുന്നം, റാണി ഹോസ്പിറ്റൽ-കാഞ്ഞിരപ്പള്ളി, സി.എൻ.കെ. ഹോസ്പിറ്റൽ-ചങ്ങനാശ്ശേരി എന്നീ ആശുപത്രികൾ സാമ്പത്തിക പ്രതിസന്ധി മൂലം പുതുക്കിയ മിനിമം വേതനം നടപ്പിലാക്കുവാൻ ബുദ്ധിമുട്ട് അറിയിച്ചിട്ടുണ്ട്. കൂടാതെ തൃശ്ശൂർ ജില്ലയിൽ നേഴ്സുമാരുടെ ശമ്പളപരിഷ്കരണത്തിന്റെ അധികസാമ്പത്തിക |

ബാദ്ധ്യത മൂലം എം.ഐ.റ്റി ആശുപത്രി-കൊടുങ്ങല്ലൂർ 05-07-2018 മുതൽ പ്രവർത്തനം അവസാനിപ്പിക്കുന്നതായി അറിയിച്ചിട്ടുണ്ട്. മലപ്പുറം ജില്ലയിൽ എം.ബി.ഹോസ്പിറ്റൽ വിമുഖത കാണിച്ച് പരാതി സമർപ്പിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.